# പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമങ്ങൾ

വിഷയം :- പഞ്ചായത്ത് വകുപ്പ് - നഗരസഭകളുമായി കൂട്ടിയോജിപ്പിച്ച ഗ്രാമ പഞ്ചായത്തുകളിലെ സെക്രട്ടറിമാരുടെ ശമ്പളവും മറ്റ് ആനുകൂല്യ ങ്ങളും നൽകുന്നത് - അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കു ന്നത് - സംബന്ധിച്ച്.

പരാമർശം:- (1) സർക്കാരിന്റെ 08.06.2010 -ലെ ജി.ഒ.(പി) 113/10/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്.
(2) സർക്കാരിന്റെ 08.06.2010 -ലെ ജി.ഒ.(പി) 114/10/എൽ.എസ്.ജി.ഡി. നമ്പർ ഉത്തരവ്.
(3) സർക്കാരിന്റെ 29.10.2010 -ലെ ജി.ഒ.(എം.എസ്) 242/10/എൽ.എസ്. ജി.ഡി. നമ്പർ ഉത്തരവ്.
(4) പഞ്ചായത്ത് ഡയറക്ടറുടെ 01.11.2010 -ലെ ഇ11-32288/10 നമ്പർ ഉത്തരവ്.
(5) കേരള പഞ്ചായത്ത് സെക്രട്ടറീസ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 23.11.2010 -ലെ ടി/82/2010 നമ്പർ അപേക്ഷ.

## ഉത്തരവ് നമ്പർ: എഫ്1 -37679/10, തീയതി: 03.01.2011

പരാമർശം (1) ഉത്തരവ് പ്രകാരം 8 ഗ്രാമപഞ്ചായത്തുകളെ വിവിധ കോർപ്പറേഷനുകളോടും പരാമർശം (2) ഉത്തരവ് പ്രകാരം 5 ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളോടും കൂട്ടിചേർക്കുകയുണ്ടായി. പ്രസ്തുത 13 ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാരെ പരാമർശം (3) ഉത്തരവ് പ്രകാരം വിവിധ പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകളിൽ സൂപ്പർവൈസർമാരുടെ കർത്തവ്യം നിർവ്വഹിക്കുന്നതിനായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിക്കുകയുണ്ടായി. പരാമർശം (3) -ലെ നിർദ്ദേശമനുസരിച്ച് പ്രസ്തുത 13 ഗ്രാമപഞ്ചായത്ത് സെക്രട്ടറുമാരെയും വിവിധ പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകളിൽ നിയമിച്ചുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (4) പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ ശമ്പളവും മറ്റ് ആനുകുല്യങ്ങളും പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാരുടെ ശമ്പളവും മറ്റ് ആനുകുല്യങ്ങളും നൽകുന്ന 2515-ORDP-00-001-97-ജില്ലാ ഭരണം-01-ശമ്പളം എന്ന ശീർഷകത്തിൽ നിന്നും നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (5) പ്രകാരം അപേക്ഷ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

....2

ആകയാൽ, വിവിധ കോർപ്പറേഷനുകളോടും നഗരസഭകളോടും കൂട്ടിചേർക്കപ്പെട്ട 13 ഗ്രാമപഞ്ചായത്തുകളിലെ സെക്രട്ടറിമാർക്ക്, അവർ പെർഫോമൻസ് ആഡിറ്റ് യൂണിറ്റുകളിൽ സൂപ്പർവൈസർമാരുടെ കർത്തവ്യം നിർവ്വഹിച്ചിരുന്ന കാലയളവിലെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് സൂപ്പർവൈസർമാരുടെ ശമ്പളവും മറ്റ് ആനുകുല്യങ്ങളും മാറി നൽകുന്ന 2515-ORDP-00-001-97-ജില്ലാ ഭരണം-01-ശമ്പളം എന്ന ശീർഷകത്തിൽ നിന്നു മാറി നൽകുന്നതിന് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാരെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഒപ്പ്)
കെ.ആർ. മുരളീധരൻ ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ
തിരുവനന്തപുരം/കോഴിക്കോട്, കോട്ടയം, എറണാകുളം, തൃശ്ശൂർ

വ്യക്തികൾക്ക്
ബന്ധപ്പെട്ട ട്രഷറി ആഫീസർമാർക്ക്
കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

പിഎം